**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3661** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഏകീകൃത വാഹന രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഭാരത് സീരീസ് എന്ന പേരിൽ കേന്ദ്ര ഗതാഗത മന്ത്രാലയം ആരംഭിച്ച ഏകീകൃത വാഹന രജിസ്ട്രേഷൻ സംവിധാനം കേരളത്തിൽ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ന് മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (എ) | കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാർക്കും പൊതുമേഖലയിലെയും കുറഞ്ഞത് നാല്പ സംസ്ഥാനങ്ങളിലെങ്കിലും ബ്രാഞ്ചുകളുള്ള കമ്പനികളിലെയും ജീവനക്കാർക്ക് മാത്രമാണ് ഏകീകൃത 'BH' സിരീസ് രജിസ്ട്രേഷൻ ബാധകമായിട്ടുള്ളത്. വാഹന വിലയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ 8% മുതൽ 12% വരെയാണ് ഇത്തരം വാഹനങ്ങൾക്ക് നികുതി ഈടാക്കുന്നത്. കേരളത്തിൽ ഇത് 9% മുതൽ 21% വരെയാണ്. കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന നിരക്ക് കേരളത്തിൽ നിലവിലിരിക്കുന്ന വാഹന നികുതി നിരക്കിനെക്കാൾ കുറവായതിനാൽ സർക്കാരിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകും എന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ